**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5477 | 28/07/2015-ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) നാളിതുവരെ എൻഡോസൾഫാൻ ദുരന്തബാധയെ തുടർന്ന് എത്ര പേർ മരണപ്പെട്ടെന്ന് വിശദമാക്കാമോ; | എ) 1109 പേർ നാളിതുവരെ എൻഡോസൾഫാൻ ദുരിത ബാധിതരായി മരണപ്പെട്ടിട്ടുണ്ട്. |
| ബി) ദുരിതബാധിതർ മരിക്കുന്നതിന് മുമ്പ് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; മരണപ്പെട്ടതിനുശേഷം കുടുംബത്തിന് എത്ര വീതം എത്ര പേർക്ക് സാമ്പത്തിക സഹായം അനുവദിച്ചുവെന്ന് വിശദമാക്കാമോ? | ബി) എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപയും ശാരീരിക വൈകല്യം ബാധിച്ചവർക്ക് 3 ലക്ഷം രൂപയും ഗഡുക്കളായി നൽകുന്നതിന് മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ആയത് അതേപടി അംഗീകരിക്കുവാനും നടപ്പിലാക്കാനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ദുരിത ബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവർക്ക് ആദ്യ ഗഡുവായി പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും 1.5 ലക്ഷം രൂപയും ശാരീരിക വൈകല്യം ബാധിച്ചവർക്ക് 1 ലക്ഷം രൂപ വീതവും അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട കാൻസർ രോഗികൾക്കും 3 ലക്ഷം രൂപ ഗഡുക്കളായി നൽകാൻ സർക്കാർ ഉത്തരവായിരുന്നു. കാൻസർ രോഗികൾക്കും ഓരോ ലക്ഷം രൂപ ഗഡുക്കളായി അനുവദിച്ച് നൽകിയിട്ടുണ്ട്. |

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും ആവശ്യമായി വരുന്ന മുറയ്ക്ക് സൗജന്യമായി വിദഗ്ധ ചികിത്സ നൽകിവരുന്നു. ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾ വഴിയും ആയുർവേദ ഹോമിയോ വിഭാഗങ്ങൾ ഉൾപ്പെടെ വിദഗ്ധ ചികിത്സ നൽകാനായി എം.പാനൽ ചെയ്യപ്പെട്ട 17 ആശുപത്രികൾ വഴിയുമാണ് ചികിത്സ നൽകിവരുന്നത്. കൂടാതെ 11 ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രികളും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരാണ് മെഡിക്കൽ ടീമിൽ ഉള്ളത്.

ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സാമൂഹ്യസുരക്ഷാമിഷൻ വഴി പ്രതിമാസം 1200/-, 2200/- രൂപ നിരക്കിലും കിടപ്പിലായ ദുരിതബാധിതരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസ കിരണം വഴി പ്രതിമാസം 700/- രൂപ നിരക്കിലും ധനസഹായം അനുവദിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവരിൽ അപേക്ഷ സമർപ്പിച്ചവർക്ക് റേഷൻകാർഡ് ബി.പി.എൽ ആക്കി മാറ്റിയിട്ടുണ്ട്. ദുരിത ബാധിതരായ മുഴുവൻ കുടുംബാംഗങ്ങൾക്കും സൗജന്യ റേഷൻ നൽകിവരുന്നു.

മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലായി 6 എണ്ണവും നീലേശ്വരം മുനിസിപ്പാലിറ്റിയിൽ ഒന്നുമായി ആകെ 7 ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നു. ബഡ്സ് സ്കൂളുകൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിത ബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി

പഞ്ചായത്ത്തല ക്യാമ്പുകൾ സംഘടിപ്പിച്ച് ദുരിതബാധിതരുടെ ഫോട്ടോകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ പ്രകാരം എൻഡോസൾഫാൻ ദുരിതംമൂലം മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ ഗഡുക്കളായി നൽകുന്നതിന് സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 656 പേർക്ക് ആദ്യ ഗഡുവായി 9.785 കോടി രൂപയും രണ്ടാം ഗഡുവായി 644 പേർക്ക് 9.565 കോടി രൂപയും ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ